"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. മനോജ് കുമാർ വി., അസിസ്റ്റന്റ് സെക്രട്ടറി ഫയൽ ചെയ്ത OA 1323/2025-ന്മേലുള്ള 26/08/2025 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

G.O.(Rt)No.2813/2025/LSGD തീയതി,തിരുവനന്തപുരം, 14-11-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.46/2024/തസ്വഭവ തീയതി 16/03/2025.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/05/2025 ലെ LSGD/PD/62/2023-DEB1-പാർട്ട്(1) നമ്പർ നടപടി ക്രമം.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/05/2025 ന് LSGD/PD/355/2025- DED1 നമ്പർ സർക്കുലർ
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025 ലെ LSGD/PD/19248/2025-DEB1 നമ്പർ നടപടി ക്രമം
5. ശ്രീ. മനോജ് കുമാർ വി. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ച 03/07/2025 ലെ അപേക്ഷ.
6. ശ്രീ. മനോജ് കുമാർ വി. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 12.08.2025 ലെ അപേക്ഷ
7. OA 1323/2025 ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26/08/2025 ലെ അന്തിമ ഉത്തരവ്.
8. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.10.2025 ലെ LSGD/PD/32364/2025-DEB1 നം കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് പീലിക്കോട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചു എന്ന വസ്തുത അവഗണിച്ചുകൊണ്ട്, പരാമർശം (4) പ്രകാരമുള്ള അന്തിമ സ്ഥലംമാറ്റ ഉത്തരവ് പ്രകാരം പിലിക്കോട് ഗ്രാമപഞ്ചായത്തിൽ നിന്ന് ചെമ്മനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതിനെതിരെ പീലിക്കോട് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ.മനോജ്കുമാർ വി. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച പരാമർശം (6) [Annexure A9] അപേക്ഷ പരിഗണിക്കുന്നതിന് നിർദ്ദേശം നല്കണമെന്ന് അഭ്യർത്ഥിച്ച് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1323/2025 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (7) ഉത്തരവിൽ, ടി ഉത്തരവിന്റെ പകർപ്പ് ലഭിച്ച് രണ്ടുമാസത്തിനുള്ളിൽ അപേക്ഷകനെ നേരിൽ കേട്ട്, ടിയാന്റെ പരാമർശം (6) [Annexure A9] അപേക്ഷ പരിഗണിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

2) ബഹു. ട്രിബ്യൂണലിന്റെ മേൽ ഉത്തരവ് പ്രകാരം ശ്രീ. മനോജ് കുമാർ വി. യെ സർക്കാർ തലത്തിൽ 23.10.2025-ന് ഓൺലൈൻ മുഖേന കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ ശ്രീ. മനോജ് കുമാർ ചുവടെ പറയുന്ന വാദഗതികൾ ഉന്നയിച്ചിരുന്നു.

*കണ്ണൂരിലെ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ ഹെഡ് ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസറായി ജോലി ചെയ്തു വരികയായിരുന്ന തന്നെ പ്രിൻസിപ്പൽ ഡയറക്ടറുടെ 15/05/2025 ലെ LSGD/PD/62/2023-DEB1-പാർട്ട്(1) നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിലേക്ക് നിയമിച്ചുവെന്നും, കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന തനിക്ക് പീലിക്കോട് ഗ്രാമപഞ്ചായത്തിൽ എത്താൻ ഒരു ദിവസം 160 കിലോമീറ്റർ സഞ്ചരിക്കണമെന്നും, പ്രിൻസിപ്പൽ ഡയറക്ടർക്ക് നിയമന അധികാരമുള്ള തസ്തികകളുടെ സ്ഥലംമാറ്റത്തിനായുള്ള കരട് പട്ടികയോടൊപ്പം പരാതിയുള്ള വ്യക്തികൾ 7 ദിവസത്തിനുള്ളിൽ ഇതിനെതിരെ അപ്പീൽ സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 19/05/2025 ന് LSGD/PD/355/2025-DED1 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നതായും ശ്രീ. മനോജ്കുമാർ ബോധിപ്പിക്കുകയുണ്ടായി.*

*പീലിക്കോട് ഗ്രാമപഞ്ചായത്തിലേക്ക് തന്നെ നിയമിച്ചത് 15/05/2025 ന് മാത്രമാണെന്നും കൂടാതെ, സ്ഥലംമാറ്റത്തിനുള്ള കരട് പട്ടികയിൽ തന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ലെന്നും അതിനാൽ കരട് ലിസ്റ്റിൽ താൻ ഒരു എതിർപ്പും ഫയൽ ചെയ്തിട്ടില്ലെന്നും എന്നാൽ പീലിക്കോട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയതിന്റെ ഒരു മാസത്തിനുള്ളിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025 ലെ LSGD/PD/19248/2025-DEB1 നടപടി ക്രമം പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടിന്റെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും അതിൽ, തന്നെ പീലിക്കോട് ഗ്രാമപഞ്ചായത്തിൽ നിന്ന് ചെമ്മനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റുകയാണുണ്ടായതെന്നും, ഒരു വശത്തെ ദൂരം തന്നെ ഏകദേശം 140 കിലോമീറ്ററുണ്ടെന്നും മേൽ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ച അതേ ദിവസം തന്നെ ഹെഡ് ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസറെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പുറപ്പെടുവിച്ച LSGD/PD/19248/2025-DEB1-Part I നം. ഉത്തരവിൽ തന്നേക്കാൾ ജൂനിയറായ നിരവധി പേരെ കണ്ണൂർ ജില്ലയിൽ നിയമിച്ചിട്ടുണ്ടെന്നും ഇതിനെതിരെ 03/07/2025-ൽ ഉചിതമാർഗ്ഗേന പ്രിൻസിപ്പൽ ഡയറക്ടർക്ക് Annexure A5 അപ്പീൽ സമർപ്പിച്ചിരുന്നതായും ശ്രീ. മനോജ് ഹിയറിംഗിൽ അറിയിക്കുകയുണ്ടായി.*

*ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ, തന്നെ അക്കോമഡേറ്റ് ചെയ്യുന്നതിന് ഒഴിവില്ലായിരുന്നുവെന്നും ഇക്കാര്യം Annexure A5 അപ്പീലിലും ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും, ടി അപ്പീൽ പരിഗണനയിലിരിക്കവെയാണ് 16/07/2025-ലെ LSGD/PD/19248/2025-DEB1 നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ. അജു കെ.പി-യെ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ നിന്ന് മംഗൽപാടിയിലേക്ക് സ്ഥലം മാറ്റിയതെന്നും, 21/17/2025-ലെ LSGD/PD/46105/2023-DEB1 നമ്പർ*

ഉത്തരവ് പ്രകാരം 9 പേരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റേഷനുകളിൽ നിയമിച്ചിട്ടുള്ളതായും, Annexure A5 അപ്പീലിൽ പിണറായി, മുഴപ്പിലങ്ങാട്, തില്ലങ്കേരി എന്നീ ഗ്രാമപഞ്ചായത്തിലെ ഒഴിവുകൾ ചൂണ്ടിക്കാണിച്ചിരുന്നതായും അതിൽ ഏതെങ്കിലും പഞ്ചായത്തിൽ നിയമനം നല്കുന്നതിനോ അല്ലെങ്കിൽ പീലിക്കോട് ഗ്രാമപഞ്ചായത്തിൽ നിലനിർത്തുന്നതിനോ അപേക്ഷിച്ചിരുന്നുവെന്നും, അപ്രകാരം അപ്പീൽ നിലനില്ക്കവെയാണ് തന്നെക്കാൾ ജൂനിയറായവരെ 28/06/2025, 16/07/2025, 21/07/2025 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം കണ്ണൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിയമിച്ചതെന്നും ബോധിപ്പിക്കുയുണ്ടായി.

തന്നെ സ്ഥലം മാറ്റിയ ചെമ്മനാട് ഗ്രാമപഞ്ചായത്ത് കാസർഗോഡ് ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിൽ ഒന്നാണെന്നും, ഇപ്പോൾ സെക്രട്ടറി അവധിയിലാണെന്നും, അസിസ്റ്റന്റ് സെക്രട്ടറി എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തത്തിന് പുറമേ സെക്രട്ടറിയുടെ ചുമതലയും തനിക്കുണ്ടെന്നും, കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലാണ് താൻ താമസിക്കുന്നതെന്നും കണ്ണൂർ ജില്ലാ കോടതിയിലാണ് ഭാര്യ ജോലി ചെയ്യുന്നതെന്നും, തന്റെ മകൾക്ക് തങ്ങളുടെ രണ്ടാളുകളുടെയും പരിചരണവും ശ്രദ്ധയും ആവശ്യമാണെന്നും ടിയാൻ അറിയിക്കുകയുണ്ടായി.

സർക്കാർ പുറപ്പെടുവിച്ച പ്രസക്തമായ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ച്, തനിക്ക് പീലിക്കോട് ഗ്രാമപഞ്ചായത്തിൽ കുറഞ്ഞത് 3 വർഷമെങ്കിലും തുടരാൻ അർഹതയുണ്ടെന്നും കൂടാതെ, തന്റെ നിയമനത്തിന് ഒരു മാസത്തിനുള്ളിൽ നല്കിയ സ്ഥലംമാറ്റം എല്ലാ നിയമങ്ങൾക്കും വിരുദ്ധമാണെന്നും ആയതിനാൽ പീലിക്കോട് ഗ്രാമപഞ്ചായത്തിൽ നിന്ന് ചെമ്മനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റുന്നതിനോ അല്ലെങ്കിൽ കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിലോ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലോ തില്ലങ്കേരി ഗ്രാമപഞ്ചായത്തിലോ അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിക്കുന്നതിലേക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/06/2025-ലെ LSGD/PD/19248/2025-DEB1 നമ്പർ ഉത്തരവ് മാറ്റിവയ്ക്കണമെന്ന് ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.

ശ്രീ. മനോജ് കുമാർ വി സമർപ്പിച്ച പരാമർശം (5) Annexure A5 ലും പരാമർശം (6) Annexure A9-ലും 31.03.2028-ൽ വിരമിക്കുന്നതിനാൽ ടിയാനെ മേൽ പരാമർശിച്ച ഏതെങ്കിലും പഞ്ചായത്തിൽ നിയമിക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത്.

3) ശ്രീ. മനോജ് കുമാറിന്റെ പരാമർശം (6) അപ്പീൽ അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

15/05/2025 ലെ LSGD/62/2023-DEB1-പാർട്ട്(1) നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയാണ് ശ്രീ. മനോജ് കുമാർ വി.-യെ പീലിക്കോട് ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നത്. നിയമന ഉത്തരവിൽ തന്നെ ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാരെ പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ പ്രകാരം ജൂനിയർ ആയി കണക്കാക്കുന്നതാണെന്നും, 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ സ്റ്റേഷനുകൾ പുന:പരിശോധിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നതാണ്. 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ പീലിക്കോട് ഗ്രാമപഞ്ചായത്തിലേക്ക് ഓപ്ഷൻ നൽകിയ സീനിയറായ ജീവനക്കാരന് സ്ഥലംമാറ്റം അനുവദിക്കുന്നതിനാണ് 16/03/2024-ലെ സ.ഉ(കൈ)നം.46/2024/തസ്വഭവ-ലെ പൊതുസ്ഥലംമാറ്റ

*മാനദണ്ഡങ്ങളിലെ ഖണ്ഡിക 1 (ഒ) ലെ വ്യവസ്ഥയനുസരിച്ച് ശ്രീ. മനോജ് കുമാർ വി.-യെ ജൂനിയർ കംപൽസറി എന്ന നിലയിൽ 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ ഒഴിവുണ്ടായിരുന്ന ചെമ്മനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയത്. ടി സ്ഥലംമാറ്റം ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള ജനറൽ ട്രാൻസ്ഫർ സോഫ്റ്റ് വെയർ മുഖേനയാണ് നടന്നിട്ടുള്ളത്.*

*2025 ലെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതിക്ക് ശേഷമാണ് ശ്രീ. മനോജ് കുമാർ വി-യ്ക്ക് അസിസ്റ്റന്റ് സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചത് എന്നതിനാൽ 2025- ലെ പൊതുസ്ഥലംമാറ്റത്തിൽ ശ്രീ. മനോജ് കുമാർ വി. അപേക്ഷ നൽകിയിരുന്നില്ല. കൂടാതെ സോഫ്റ്റ് വെയർ മുഖേന നടപ്പിലാക്കുന്ന സ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ സോഫ്റ്റ് വെയർ മുഖേന തന്നെ സമർപ്പിക്കുന്നതിനാണ് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ ഖണ്ഡിക 13 (സി)- ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.*

*ടി സാഹചര്യത്തിൽ, സോഫ്റ്റ് വെയർ മുഖാന്തരം അല്ലാതെ ലഭ്യമായിട്ടുള്ള അപ്പീൽ അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന വിവരവും, അന്തിമ സ്ഥലംമാറ്റ പട്ടികയ്ക്കെതിരെയുള്ള അപ്പീലുകൾ പരിഗണിക്കുന്നതിന് സർക്കാരിനാണ് അധികാരം എന്നതിനാൽ സർക്കാരിലേക്ക് ഓൺലൈനായി അപ്പീൽ ലഭിച്ചിട്ടുള്ള പക്ഷം സർക്കാർ തലത്തിൽ പരിഗണിക്കാമെന്ന് അറിയിക്കുകയുണ്ടായി.*

4) ശ്രീ.മനോജ്കുമാറിന്റെ വാദഗതികളും പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ടും സർക്കാർ പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) നടപടി ക്രമം പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകിയാണ് ശ്രീ. മനോജ് കുമാറിനെ കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിലേക്ക് നിയമിച്ചത്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാരെ, പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 1 (എൻ) (ഒ) ഇവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ജൂനിയറായി കണക്കാക്കുന്നതും 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ടി ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സ്റ്റേഷനുകൾ പുനപരിശോധിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ടി വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

**(എൻ)** പൊതു സ്ഥലംമാറ്റത്തിന്റെ ക്യൂ ലിസ്റ്റ് വഴി അല്ലാതെ സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുള്ള ഒഴിവുകളിലേക്കും അവധി/ അന്യത്ര സേവനം/ സസ്പെൻഷൻ/ അനധികൃത ഹാജരില്ലായ്മ എന്നിവയ്ക്ക് ശേഷമുള്ള നിയമനം വഴി തൊട്ടടുത്ത പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കുന്നതാണെന്ന നിബന്ധനയ്ക്ക് വിധേയമായി നികത്തപ്പെട്ടിട്ടുള്ള ഒഴിവുകളിലേക്കും പൊതുസ്ഥലംമാറ്റത്തിൽ മറ്റ് ജീവനക്കാർ അപേക്ഷിക്കുന്നപക്ഷം ടി ഒഴിവുകളിൽ നിയമിതരായ ജീവനക്കാർ സ്ഥലംമാറ്റത്തിന് വിധേയരാക്കപ്പെടുന്നതാണ്. അപ്രകാരം സ്ഥലംമാറ്റത്തിന് വിധേയരാക്കപ്പെടുന്ന ജീവനക്കാർക്കും നിലവിലുള്ള പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. ടി ജീവനക്കാരെ ജൂനിയറായി കണക്കാക്കേണ്ടതും അവർക്കായി പ്രത്യേകം ക്യൂലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ടി ജീവനക്കാരെ, പൊതുസ്ഥലംമാറ്റത്തിന് അർഹരായ മറ്റു ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയശേഷം ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രം പരിഗണിക്കുന്നതാണ്.

**(ഒ)** പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചതിന് ശേഷമുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് അവധി/

അന്യത്ര സേവനം/ സസ്പെൻഷൻ അനധികൃത ഹാജരില്ലായ്മ എന്നിവ കഴിഞ്ഞും സ്ഥാനക്കയറ്റം വഴിയും നിയമനം നൽകിയിട്ടുള്ള പക്ഷം അത്തരം നിയമനസങ്ങൾ പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കുന്നതാണ്.

പരാമർശം (4) Annexure A3 പ്രകാരമുള്ള അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ അപേക്ഷകൻ ഉൾപ്പെട്ടത് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 1 (എൻ),(ഒ)-ലെ മേൽ വ്യവസ്ഥകൾ പ്രകാരമാണ്. 2025-ലെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതിക്ക് ശേഷമാണ് ശ്രീ. മനോജ് കുമാർ വി-യ്ക്ക് അസിസ്റ്റന്റ് സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചത് എന്നതിനാൽ 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ശ്രീ. മനോജ് കുമാർ വി. അപേക്ഷ നൽകിയിരുന്നില്ല.

സ്ഥലംമാറ്റത്തിനെതിരെ ശ്രീ. മനോജ് കുമാർ 03/07/2025-ൽ സോഫ്റ്റ് വെയർ മുഖാന്തിരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പൊതു സ്ഥലംസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പിൽ രൂപീകരിച്ചിട്ടുള്ള അപ്പീൽ കമ്മിറ്റി പരിശോധിക്കുകയും, പൊതുസ്ഥലംമാറ്റം സംബന്ധിച്ച് അല്ല അപ്പീൽ നല്കിയിട്ടുള്ളത് എന്നതും, സ്ഥാനകയറ്റത്തിലൂടെയാണ് അപേക്ഷകന് സ്ഥലംമാറ്റം ലഭിച്ചത് എന്നതും കണക്കിലെടുത്ത് ടിയാന്റെ അപ്പീൽ പരിഗണനാർഹമല്ലെന്ന് കണ്ട് സോഫ്റ്റ്‌വെയർ മുഖേന തന്നെ ആയത് നിരസിച്ചിട്ടുള്ളതാണ്.

5) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീ.മനോജ്കുമാർ വി.-യെ പരാമർശം (4) Annexure-A3 പ്രകാരമുള്ള അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെടുത്തിയ നടപടി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 1 (എൻ),(ഒ) -ലെ വ്യവസ്ഥകൾക്ക് അനുസൃതമാണ് എന്നതിനാൽ സ്ഥലംമാറ്റിയതിനെതിരെ ടിയാൻ സമർപ്പിച്ച പരാമർശം (6) Annexure A9 അപ്പീൽ നിരസിച്ച് തീർപ്പാക്കിയും, ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി അവധിയിലാണ് എന്ന് അപേക്ഷകൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, സെക്രട്ടറിമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് ഉചിതനടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകാവുന്നു.

OA 1323/2025 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (7) ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം പാലിച്ചിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PADMINI K S
DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ മനോജ് കുമാർ വി, അസിസ്റ്റന്റ് സെക്രട്ടറി, ചെമ്മനാട് ഗ്രാമ പഞ്ചായത്ത് *(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/248/2025-തസ്വഭവ ഫയൽ )

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 15-11-2025 06:25:15

സെക്ഷൻ ഓഫീസർ